# അവതാരങ്ങൾ

സിന്ധു

**നൂറ്റാണ്ടുകൾക്കപ്പുറം** ദിഗന്തങ്ങളിൽ
മാറ്റൊലിക്കൊണ്ട, “സത്യം ശിവം സുന്ദരം”
....“ലോകസമസ്ത സുഖിനോ ഭവന്തു.....”വും
മീട്ടിയ ഹൈന്ദവ സംസ്കാരമെങ്ങുപോയ്
“നിഷ്കാമ കർമ്മം!....യഥാ..ധർമ്മ ഗ്ലാനിയിൽ
മന്നിൽ പിറക്കും തഥാ...ഞാൻ, ”മുഴങ്ങിയ
നാദ ബ്രഹ്മങ്ങളലറീ, തലശ്ശേരി
ദേവാലയങ്ങളിൽ, സംഹാരമൂർത്തിയായ്
“ഹൈന്ദവമെന്നു കേൾക്കുമ്പോഴേക്കും യുവ
രക്തം തിളക്കണം” ...കേൾക്കുന്നു ഭാരതം
ഭാരതരെന്നു നടിക്കുമീ ക്രൂരരോ-
ടാര്യ സംസ്കാരം പൊറുക്കുമോ, ‘സാരഥീ.’

..... ...... ......

അന്ധകാരത്തിന്നരിയായ് അറേബ്യതൻ
ചക്രവാളങ്ങളിൽ ചെങ്കനൽ താരമായ്
‘ദീനു’ മായ്, ദീനാനുകമ്പനായ്, ശാന്തിതൻ
പൊൻ ദീപ നാളമായ് മിന്നിയ സത്യമേ
നിന്റെ ജിഹാദു വിളികളുമായ് മത-
ഭ്രാന്തരെക്കണ്ടു മലയാള മിന്നലെ.

സത്യമേ... നിൻ ബദർ വാളുക ളമ്പല
ഭിത്തിയിൽ രക്ത-തിലകം രചിക്കുമോ?
ഭിന്നമതമെങ്കിലു മേക വർണ്ണമായ്
മിന്നിടും രക്തം കൊതിക്കുമീ ഭീകര-
രൂപങ്ങളോരോന്നു മോരോ മതത്തിന്റെ
കാഹളമൂതുന്നു! ദൈവം പൊറുക്കയോ?

..... ...... ......

“മന്നിൽ സ്ഥിതി സമത്വം വളർത്തീടുവാൻ
ചെന്നിണം ചിന്തണം....” കേൾക്കുന്നു ഭാരതം
പട്ടിണിക്കാരന്റെ രക്തവും തൂവേർപ്പു
തുള്ളിയും മജ്ജയുമൂറ്റിക്കുടിച്ചിടും
നേതാവു മന്ത്രിയായ്, ആരാദ്ധ്യ ദേഹമായ്
പട്ടണത്തിന്റെ പ്രതിമാവതാരമായ്
വോട്ടുമായ് പട്ടിണിപ്പാവം കഴുതയായ്
നെട്ടോട്ടവും ; വേറെ നേതാവു മന്ത്രിയും
പട്ടിണിപ്പാവവും നേതാക്കളും മത-
ഭ്രാന്തരും, ദേവാലയങ്ങളും, രക്തവും,
ആറ്റവും, കാലവും, കാലുമാറ്റങ്ങളു-
മൂറ്റങ്ങളും യുദ്ധഭീതിയും.....പിന്നെയും.
●